# ‘തേജസ്സിൽ വെളിപ്പെടുന്നവർ ’

## കൊലൊസ്സ്യർ 3:3

‘‘നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.’’

വചനഭാഗം വായിക്കുമ്പോൾതന്നെ വ്യക്തമാകുന്ന ഒരു കാര്യം ഉണ്ട്. ‘‘ഒരു മരണം’’ തീർച്ചയായും നടന്നു. പിന്നീട് ‘‘മരിച്ചതിനു ശേഷം ഒരു ജീവൻ’’. ലോകത്തിന്റെ മാനദണ്ഡപ്രകാരം മരണശേഷം ജീവൻ പ്രാപിക്കുക എന്നത് വിരോധാഭാസമായ ഒരു കാര്യം, എന്നാൽ ‘ക്രിസ്തുവിൽ മരിച്ചവന്റെ’ ഭാഗ്യാവസ്ഥയും അതായി നാം കാണുന്നു.

മരണം എന്നു പറയുമ്പോൾ അത് തീർച്ചയായും ശാരീരികമായ മരണം അല്ല വചനം വെളിപ്പെടുത്തുന്നത്. റോമർ 8:2ൽ പറയുന്നു ‘‘ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും, മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു’’. അതേ മരണത്തിൽ നിന്നു മാത്രമല്ല പാപത്തിൽ നിന്നും ഒരു സ്വാതന്ത്ര്യം പ്രാപിക്കുന്ന അനുഭവം. ജീവന്റെ ആത്മാവിനു മാത്രം സാധിക്കുന്ന അത്ഭുതകരമായ ഒരു പ്രതിഭാസം ദൈവവചനം വെളിപ്പെടുത്തുന്നു. ക്രിസ്തുവിൽ മരിക്കുന്നതിനു മുമ്പ് അവൻ പാപത്തിനും, ജഢത്തിനും, നിത്യമരണത്തിനും അവകാശിയായിരുന്നു. എന്നാൽ കൃപയാൽ യേശു മരണത്തിൽ നിന്നും രക്ഷിച്ചു, സ്വാതന്ത്ര്യം തന്നു. രക്ഷിച്ചതിനു മാർഗ്ഗം ഒന്നു മാത്രം. ദൈവത്തിന്റെ പുത്രനായ ക്രിസ്തു മറുവിലയായി ചൊരിഞ്ഞ ‘രക്തം’. ഈ രക്തത്തിൽ തന്റെ മക്കളെ അവൻ ഇന്ന് മറച്ചിരിക്കുകയാണ്. എത്ര ഭാഗ്യമേറിയ അനുഭവം.

ഇന്ന് പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച ഒരു ദൈവപൈതലിൽ വീണ്ടും പാപസ്വഭാവങ്ങൾ കടന്നു വരുമ്പോൾ, പിശാച് ദൈവത്തോട് വാദിക്കും, ദൂഷണം ആരോപിക്കും. എന്നാൽ ഒരു ദൈവപൈതലിന്റെ സഹായം ക്രിസ്തുവിന്റെ രക്തം ആകുന്നു. രക്തത്താൽ അശുദ്ധിയെ മറച്ച് ദൈവസന്നിധിയിൽ നമ്മെ ഉയർത്തുന്ന സ്നേഹം എത്ര വലുതാകുന്നു.

അതേ, കൃപയാൽ രക്ഷപ്രാപിച്ച ഒരോരുത്തരും അതായത് യേശുവിനോടു കൂടി മരിച്ച ഓരോരുത്തരും തന്റെ ജീവൻ ക്രിസ്തുവിനോടു കൂടി മറച്ചിരിക്കുന്ന അവസ്ഥയിലാകുന്നു. ഇനി ആത്മാവിന്റെ പ്രമാണത്തിന് വിധേയപ്പെട്ട ഒരു ജീവിതം മാത്രം അവനു സ്വന്തം. ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന അനുഭൂതിയുടെ സുഖവും,

ആശ്വാസവും അതിലുപരി അതിന്റെ വിലയും എത്രയധികം എന്നോർത്ത് ദൈവത്തെ സ്തുതിക്കാം. പാപത്തോടു പോരാടി ജയജീവിതം നയിക്കാൻ ജീവന്റെ പ്രമാണം നമുക്ക് ഇടയാക്കട്ടെ.

ക്രിസ്തുവിൽ മറച്ചിരിക്കുന്ന ഓരോ വിശ്വാസിയും ഇനി തേജസ്സിൽ വെളിപ്പെടുന്ന ഒരു ദിവസം ഉണ്ട്. അതാണല്ലോ നമ്മുടെ പ്രത്യാശ. കർത്താവ് വരും. തന്റെ കാഹളനാദത്തോടും, പ്രധാന ദൂതന്റെ ശബ്ദത്തോടും വെളിപ്പെടുമ്പോൾ 'ദൈവത്തിന്റെ മക്കൾ' ആരാകുന്നുവെന്ന് അന്ന് വെളിപ്പെടും. ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന ഓരോ വിശ്വാസിയെയും വെളിപ്പെടുത്തും. ഇഹലോക ജീവിതത്തിൽ ഓരോനിമിഷം ക്രിസ്തുവിന്റെ രക്തം മാത്രമാകുന്നു നമ്മുടെ സംരക്ഷണം. സകല ദുഷ്ടന്റെ തന്ത്രങ്ങളിൽ നിന്നും, പോരാട്ടങ്ങളിൽ നിന്നും നമ്മെ മറയ്ക്കുന്ന, മറച്ചിരിക്കുന്ന യേശുവിന്റെ രക്തത്തിന്റെ വില ഇന്ന് ഒരിക്കൽ കൂടി ഏറ്റെടുത്തുകൊണ്ട് അവനായി സമർപ്പിക്കാം.

പരാമർശം:
2 തെസ്സലൊനീക്യർ 3:3
കർത്താവോ വിശ്വസ്തൻ, അവൻ നിങ്ങളെ ഉറപ്പിച്ചു ദുഷ്ടന്റെ കയ്യിൽ അകപ്പെടാത വണ്ണം കാത്തുകൊള്ളും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 089**